ഇ 2- 27/2016

കളക്ടറേറ്റ്, എറണാകുളം
തീയതി : 26/07/2016

പ്രേഷകൻ

ജില്ലാ കളക്ടർ
എറണാകുളം.

സ്വീകർത്താവ്

എല്ലാ ജില്ലാതല വകുപ്പ് മേധാവികൾക്കും.
ജില്ലയിലെ എല്ലാ സബ് ഓഫീസുകൾക്കും.

സർ,

വിഷയം :- ജീവനക്കാര്യം- പാർട്ട് ടൈം സ്വീപ്പർമാരുടെ പൊതുസീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത്- സംബന്ധിച്ച്.

സൂചന :- ജി.ഒ.(പി) 47/90 പി & എ. ആർ. ഡി. തീയതി. 31-08-1990.

************************

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ജില്ലയിലെ വിവിധ വകുപ്പുകളിൽ ജോലി ചെയ്തു എല്ലാ പി.ടി.എസ്. മാരെയും ഉൾപ്പെടുത്തി ജില്ലാതല സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത ആവശ്യത്തിലേക്ക് താങ്കളുടെ വകുപ്പിൽ /സ്ഥാപനത്തിൻ കീഴിൽ ജോലി ചെയ്ത് വരുന്ന എല്ലാ പാർട്ട് ടൈം സ്വീപ്പർമാരുടെയും വിവരം ഇതോടൊപ്പം ചേർത്തിട്ടുള്ള പ്രൊഫോർമയിൽ 31-08-2016 ന് മുമ്പായി പ്രത്യേക ദൂതൻ മുഖേന ഈ കാര്യാലയത്തിലെ ഇ 2 സെക്ഷനിൽ ലഭ്യമാക്കേണ്ടതാണ്.

പി.ടി.എസ്. തസ്തികയിൽ നിലവിൽ ജോലി നോക്കുന്നവർ, ഫുൾടൈം തസ്തികയിലേക്ക് സ്ഥാനക്കയറ്റം ആഗ്രഹിക്കുന്നുണ്ടോ എന്നും, ഉണ്ടെങ്കിൽ ഏത് വകുപ്പിലേക്കാണ് ഫുൾടൈം നിയമനം ആഗ്രഹിക്കുന്നതെന്നും റിപ്പോർട്ട് ചെയ്യേണ്ടതാണ്. നിലവിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തു വരുന്ന എല്ലാ ജീവനക്കാരുടെയും വിവരങ്ങൾ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

ജില്ലാകളക്ടർക്കുവേണ്ടി

<u>അടിയന്തിരം</u>

പകർപ്പ് നം. എ2/17458/16.

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
എറണാകുളം. തീയതി. 16.8.2016

കളക്ടറുടെ പകർപ്പ് പ്രൊഫോർമ സഹിതം ഇതോടൊപ്പം അയക്കുന്നു. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരും കത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം തങ്ങളുടെ അധികാരപരിധിയിലുള്ള സ്കൂളുകളിലെ പിറ്റിസിഎം മാരുടെ വിവരങ്ങൾ പ്രൊഫോർമയിൽ പൂരിപ്പിച്ച് വാങ്ങി 26.08.2016 നകം ഈ ആഫീസിൽ പ്രത്യേക ദൂതൻ മുഖാന്തിരം എത്തിക്കുവാൻ നിർദ്ദേശിക്കുന്നു.

(ഒപ്പ്)

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

സ്വീകർത്താവ്

എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

പകർപ്പ് എയ്ഡ്, സർക്കാർ LP സ്കൂളുകൾക്ക് നൽകുന്നു. Proforma പൂരിപ്പിച്ച് 2 കോപ്പി സഹിതം 20.08.2016 നുള്ളിൽ AEO ഓഫീസിൽ എത്തിക്കേണ്ടതാണ്

AEO, Alwa

# പ്രഫോർമ

| | | | |
|---|---|---|---|
| 1 | ജീവനക്കാരന്റെ പേര് | : | |
| 2 | മേൽ വിലാസം | : | |
| 3 | ജനന തീയതി | : | |
| 4 | പി.റ്റി.എസ് തസ്തികയിൽ ജോലി ആരംഭിച്ച തീയതി | : | |
| 5 | ഇപ്പോഴത്തെ ഓഫീസ് വിലാസം | : | |
| 6 | ഫുൾടൈം തസ്തികയിലേക്ക് സ്ഥാനക്കയറ്റം ആഗ്രഹിക്കുന്നുണ്ടോയെന്നും, ഉണ്ടെങ്കിൽ ഏത് വകുപ്പിലേക്കാണ് ഫുൾടൈം നിയമനം ആഗ്രഹിക്കുന്നത് | : | |
| 7 | മറ്റു വിവരങ്ങൾ | : | |

സ്ഥലം:

തീയതി:

ഒപ്പ്
ജീവനക്കാരന്റെ പേര്
ഔദ്യോഗിക വിലാസം

മേൽ വിവരങ്ങൾ ബന്ധപ്പെട്ട ജീവനക്കാരന്റെ സേവന പുസ്തകവുമായി ഒത്തു നോക്കി പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്കൂൾ മേധാവിയുടെ ഒപ്പ്
ഔദ്യോഗിക മേൽവിലാസം